"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി- വെസ്റ്റ് കോസ്റ്റ് കനാൽ വികസനം - വർക്കല- ചിലക്കൂർ തുരങ്കത്തിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ ക്രമീകരിക്കുന്നത് - തത്വത്തിലുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.29/2024/CSIND തീയതി,തിരുവനന്തപുരം, 30-07-2024

---

പരാമർശം:- 1. സ.ഉ.(കൈ.)നം.2/2023/സി.എസ്.ഐ.എൻ.ഡി, തീയതി 09/02/2023.

2. മാനേജിംഗ് ഡയറക്ടർ, ക്വിൽ -ന്റെ 13/06/2024- ലെ CE/KWIL/70/2024 നമ്പർ കത്ത്.

**ഉത്തരവ്**

വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി വർക്കല അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയ ഏകദേശം 19.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തികൾ കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ന് പരാമർശം (1) പ്രകാരം തത്വത്തിലുള്ള അനുമതി നൽകി ഉത്തരവായിരുന്നു.

2. മേൽ പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി ലഭിച്ചതിനെത്തുടർന്ന് ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയാണെന്നും, ഇതിനോടനുബന്ധിച്ച് അരിവാളം-ചിലക്കൂർ ബീച്ച് ഭാഗത്തെ ടൂറിസം സാധ്യതകൾ പരിഗണിച്ച് ചിലക്കൂർ ടണലിൽ ലൈറ്റ് & സൗണ്ട് ഷോ ക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നും, അതിനായി 4.22 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി നൽകണമെന്നും ക്വിൽ മാനേജിംഗ് ഡയറക്ടർ പരാമർശം(2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(CIAL)- ന്റെ സബ്സിഡിയറി കമ്പനി ആയ M/S സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് ഇതിന്റെ ചിലവ് വഹിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| നം. | പ്രവൃത്തി | തുക |
|---|---|---|
| 1. | 20 pax ശേഷിയുള്ള ഇലക്ട്രിക് ബോട്ടിന്റെ നിർമ്മാണം. | 1.77 കോടി |
| 2. | ലൈറ്റ് & സൗണ്ട് ഷോ നടത്തുന്നതിനാവശ്യമായ പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യലും, സ്ഥാപിക്കലും. | 2.45 കോടി |
| | **ആകെ** | **4.22 കോടി** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ വികസനവുമായി ബന്ധപ്പെട്ട് അരിവാളം- ചിലക്കൂർ ബീച്ച് ഭാഗത്തെ ടൂറിസം സാധ്യതകൾ പരിഗണിച്ച് ചിലക്കൂർ ടണലിൽ കിൽ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 4.22 കോടി പദ്ധതി ചെലവ് പ്രതീക്ഷിക്കുന്ന ലൈറ്റ് & സൗണ്ട് ഷോ ക്രമീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിൽ നിന്നുള്ള സുപ്രധാനമായ ഭാഗങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത ലൈറ്റ് ആന്റ് സൗണ്ട് ഷോ ക്രമീകരിക്കാൻ മാനേജിംഗ് ഡയറക്ടർ, കിൽ ശ്രമിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
മാനേജിംഗ് ഡയറക്ടർ /ചീഫ് എഞ്ചിനീയർ, കിൽ,കൊച്ചി എയർപോർട്ട് പി.ഒ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/85/2024/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം
Signed by
Bimal V
Date: 31-07-2024 12:11:12
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സി.എസ്.ഐ.എൻ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്